63 (3235) പുളിയ്ക്കക്കടവ് പാലം

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ, നാട്ടിക നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുളിയ്ക്കക്കടവ് പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പാലത്തിന്റെ പണി ഏതു ഘട്ടത്തിലാണ്;

(സി) അതിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 27/5/1997-ൽ ആരംഭിച്ചു.

(ബി) പ്രസ്തുത പാലത്തിന് ഫൗണ്ടേഷൻ പയിലുകളുടെ പണി നടന്നുവരുന്നു. ആകെ അൻപത്തിയാറ് ഫൗണ്ടേഷൻ പയിലുകൾ ഉള്ളതിൽ മുപ്പത്തിനാല് എണ്ണത്തിൽ പണി തീർന്നിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഒരു വർഷത്തിനകം പണി തീർക്കാവുന്നതാണ്.

64 (3236) പടുതോട് കടവിൽ പാലം പണിയാൻ നടപടി

ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ മങ്ങപ്പള്ളി താലൂക്കിൽ മണിമലയാറിന് കുറുകെ പടുതോട് കടവിൽ പാലം പണിയുന്നതിനുള്ള മണ്ണ് പരിശോധന നടത്തിയോ;

(ബി) പ്രസ്തുത പാലത്തിന്റെ പണിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പ്രസ്തുത പാലത്തിന്റെ പണി ഉടനടി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) നൽകിയിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

65 (3237) എരിഞ്ഞിലംകോട് പാലം

ശ്രീ. എ. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്-ഉദുമ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും മാനടുക്ക-ബന്തടുക്ക-കോളിച്ചാർ-പഴയ എം.എൽ.എ. റോഡിൽ എരിഞ്ഞിലംകോട് പാലം നിർമ്മിക്കുവാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly